## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2304. 01.04.2013 -ൽ മറുപടിയ്ക്ക്**

## ഹാനികരമായ രാസപദാർത്ഥങ്ങളുടെ ഉപയോഗം നിയന്ത്രിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ഗുണനിലവാരമില്ലാത്തതും ഹാനികരവുമായ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുള്ള ശീതള പാനീയങ്ങൾ വിപണിയിൽ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ അംഗീകൃത കമ്പനികളുടേതല്ലാത്ത ഇത്തരം വസ്തുക്കൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി) | 2006 ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമമനുസരിച്ചുള്ള ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതോ ആർക്കും ശീതള പാനീയങ്ങൾ ഉൾപ്പെടെ യാതൊരു ഭക്ഷ്യ ഉല്പന്നങ്ങളും ഉൽപ്പാദിപ്പിക്കുവാനോ വിൽക്കുവാനോ വിതരണം നടത്തുവാനോ സാധ്യമല്ല. എന്നാൽ ലൈസൻസോ രജിസ്ട്രേഷനോ എടുക്കുന്നതിന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ 2014 ഫെബ്രുവരി വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആയതിനു ശേഷം അംഗീകൃതമല്ലാത്ത് കമ്പനികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ഇത്തരം ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | സി) | ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡെസിഗ്നേറ്റഡ് ഓഫീസർമാരും ഫുഡ് സേഫ്റ്റി ഓഫീസർമാരും ഇത്തരം വസ്തുക്കൾ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന ജാഗ്രത പാലിക്കുന്നുണ്ട്. പരാതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പരിശോധന തുടരുന്നതും കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിക്കുന്നതനുസരിച്ച് പ്രത്യേക സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുമുണ്ട് |

സെക്ഷൻ ഓഫീസർ